## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 3944** **21.06.2018 -ൽ മറുപടിയ്ക്ക്**

## മീൻവല്ലം ടൂറിസം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.വിജയദാസ് : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കിഫ്ബിയിലൂടെ എത്ര വൻകിട ടൂറിസം പദ്ധതികളാണ് സംസ്ഥാനത്ത് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ; | എ) | കിഫ്ബിയിലൂടെ സംസ്ഥാനത്തിന്റെ ടൂറിസം വികസനത്തിനായി താഴെപ്പറയുന്ന 8 പ്രൊപ്പോസൽ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. അതിൽ ഒരു പദ്ധതിയ്ക്കു അംഗീകാരം ലഭിച്ചിട്ടുണ്ട്.<br>1) കോഴിക്കോട് എസ്.ഐ എച്ച് എം ക്യാമ്പസിൽ ത്രീ സ്റ്റാർ കോംപ്ലക്സിന്റെ നിർമ്മാണം<br>2) മുഴപ്പിലങ്ങാട് ത്രീ സ്റ്റാർ ബീച്ച് റിസോർട്ടിന്റെ നിർമ്മാണം<br>3) ആലപ്പുഴയിലെ ചെത്തി ബീച്ചിന്റെ വികസനം<br>4) കോഴിക്കോട് ജില്ലയിലെ ഇരിങ്ങൽ സർഗ്ഗാലയ അവലംബമാക്കി പയ്യോളി വടകര മേഖലകൾ ഉൾപ്പെടുത്തിയുള്ള ഇന്റഗ്രേറ്റഡ് സർക്യൂട്ട് വികസനം<br>5) പാലക്കാട് ജില്ലയിലെ കാഞ്ഞിരപ്പുഴ ഡാം പരിസര വികസനം<br>6) കൊല്ലം ജില്ലയിലെ തെന്മല ഡാം പരിസര വികസനം<br>7) തിരുവനന്തപുരം നെയ്യാർഡാം പരിസര വിനോദസഞ്ചാര വികസനം<br>8) കോഴിക്കോട്- മുഴിപ്പിലങ്ങാട്- ധർമ്മടം ദ്വീപ് എന്നീ സ്ഥലങ്ങൾ ബന്ധപ്പെടുത്തി റോപ് വേയുടെ നിർമ്മാണം<br>**അനുമതി ലഭിച്ച പദ്ധതി**<br>മുഴപ്പിലങ്ങാട് ത്രീ സ്റ്റാർ ബീച്ച് റിസോർട്ടിന്റെ നിർമ്മാണത്തിനായി 39.42 കോടി രൂപയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. |
| ബി) | വനം വകുപ്പിന്റെ തടസ്സങ്ങൾ ഒഴിവാക്കി കോങ്ങാട് മണ്ഡലത്തിലെ മീൻവല്ലം ടൂറിസം പദ്ധതി ഈ വർഷം തന്നെ ആരംഭിക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോ? | ബി) | പാലക്കാട് ജില്ലയിൽ മീൻവല്ലം ടൂറിസം പദ്ധതിക്കായി 23/07/2013 ൽ 2.32 കോടി രൂപയുടെ പദ്ധതിക്കായി ഭരണാനുമതി നൽകയുണ്ടായി. പ്രസ്തുത പദ്ധതി നടപ്പിലാക്കാനായി ഇക്കോ ടൂറിസം വകുപ്പിനെ ചുമതലപ്പെടുത്തുകയും ഇക്കോ ടൂറിസം വകുപ്പ് , കേരള ഫോറസ്റ്റ് ഡവലപ്മെന്റ് ഏജൻസിയെ പദ്ധതി നിർവ്വഹണ ഏജൻസിയായി കരാറിൽ ഏർപ്പെടുത്തുകയും ഉണ്ടായി. എന്നാൽ വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാൽ പദ്ധതി നാളിതുവരെ നടപ്പിലാക്കിയിട്ടില്ല. 5.2.2014 ലും 16.09.2014 ലും പദ്ധതിയുടെ നിർമ്മാണ പുരോഗതിയ്ക്കായി യോഗം കടിയിട്ടുണ്ട്. നിലവിലുള്ള പദ്ധതിയിലെ ഘടകങ്ങൾ മാറ്റി പുതുക്കിയ റിപ്പോർട്ട് സമർപ്പിക്കാൻ ബന്ധപ്പെട്ട വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ